# കേരള കലാമണ്ഡലം
(കല്പിതസർവകലാശാല)



# ആർട്ട് ഹൈസ്കൂൾ
## പ്രോസ്പെക്റ്റസ് 2018–19

*പൂർണ്ണതയിലേയ്ക്കുള്ള പ്രയാണമാണ് കല.*
*കലാപഠനം പാവനമാണ്;*
*മനസ്സുകളെ അത് സംശുദ്ധമാക്കുന്നു;*
*ഉദാത്തതലങ്ങളിലേയ്ക്കുയർത്തുന്നു.*


ചാൻസലർ
**ജസ്റ്റിസ് (റിട്ട) പി.സദാശിവം**
ബഹുമാനപ്പെട്ട കേരള ഗവർണർ

പ്രോ ചാൻസലർ
**എ.കെ ബാലൻ**
ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി

വൈസ് ചാൻസലർ
**ഡോ. ടി.കെ. നാരായണൻ**

രജിസ്ട്രാർ
**ഡോ. കെ.കെ.സുന്ദരേശൻ**

**കേരളീയകലകളുടെ** സംരക്ഷണത്തിനും പോഷണത്തിനുമായി മഹാകവി വള്ളത്തോൾ 1930-ൽ സ്ഥാപിച്ച വിശ്വവിദ്യാലയമാണ് കേരള കലാമണ്ഡലം. കഴിഞ്ഞ 84 വർഷത്തെ പ്രവർത്തനത്തിലൂടെ കേരളത്തെയും കേരളീയ സംസ്കൃതിയെയും ലോകമെങ്ങും എത്തിക്കുന്നതിന് കലാമണ്ഡലത്തിന് സാധിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനമായ കലാമണ്ഡലത്തിന് യു.ജി.സി.യുടെ ശിപാർശ പ്രകാരം 14/03/2006 ൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം, കല്പിത സർവകലാശാലാ പദവി നൽകിക്കൊണ്ട് വിജ്ഞാപനം ചെയ്യുകയുണ്ടായി. എട്ടാം ക്ലാസ് മുതൽ ആരംഭിക്കുന്ന ഇവിടത്തെ പാഠ്യക്രമത്തിൽ ബിരുദബിരുദാനന്തര കോഴ്സുകളും ഗവേഷണകോഴ്സുകളും നടത്തിവരുന്നു.

**1. പഠനവിഷയങ്ങൾ**

കഥകളിയുടെ പഠനത്തിനുവേണ്ടിയാണ് മുഖ്യമായും കലാമണ്ഡലം ആരംഭിച്ചത്. തുടർന്ന് പല കാലങ്ങളിലായി മറ്റു കലാവിഷയങ്ങൾ കൂടി ഉൾപ്പെടുത്തി പഠനമേഖല വികസിപ്പിച്ചു. താഴെ പറയുന്ന വിഷയങ്ങളിൽ ഇപ്പോൾ കലാമണ്ഡലത്തിൽ പരിശീലനം നല്കി വരുന്നു.

**I VIII - X ആർട്ട് ഹൈസ്കൂൾ (മൂന്നുവർഷം)**

| | **വിഷയം** | **സീറ്റ്** |
|---|---|---|
| 1 | കഥകളി വേഷം (വടക്കൻ കളരി) | 4 (ആൺകുട്ടികൾ) |
| 2 | കഥകളി വേഷം (തെക്കൻ കളരി) | 4 (ആൺകുട്ടികൾ) |
| 3 | കഥകളി സംഗീതം (വായ്പാട്ട്) | 4 (ആൺകുട്ടികൾ) |
| 4 | ചെണ്ട (വാദ്യം) | 8 (ആൺകുട്ടികൾ) |
| 5 | മദ്ദളം (വാദ്യം) | 4 (ആൺകുട്ടികൾ) |
| 6 | ചുട്ടി | 4 (ആൺകുട്ടികൾ) |
| 7 | മോഹിനിയാട്ടം | 12 (പെൺകുട്ടികൾ) |
| 8 | കൂടിയാട്ടം (പുരുഷവേഷം) | 4 (ആൺകുട്ടികൾ) |
| 9 | കൂടിയാട്ടം (സ്ത്രീവേഷം) | 4 (പെൺകുട്ടികൾ) |
| 10 | മിഴാവ് (വാദ്യം) | 4 (ആൺകുട്ടികൾ) |
| 11 | തുള്ളൽ | 4 (ആൺകുട്ടികൾ/പെൺകുട്ടികൾ) |
| 12 | മൃദംഗം (വാദ്യം) | 4 (ആൺകുട്ടികൾ) |
| 13 | തിമില (വാദ്യം) | 4 (ആൺകുട്ടികൾ) |
| 14 | കർണ്ണാടക സംഗീതം (വായ്പാട്ട്) | 8 (ആൺകുട്ടികൾ/പെൺകുട്ടികൾ) |

**II. XI - XII പ്ലസ് ടു (രണ്ടുവർഷം)**

മേൽപറഞ്ഞ എല്ലാവിഷയങ്ങൾക്കും പ്ലസ് ടു തലത്തിൽ പരിശീലനം നല്കുന്നുണ്ട്. സീറ്റുകളുടെ എണ്ണത്തിൽ മാറ്റമില്ല. ആർട്ട് എസ്.എസ്.എൽ.സി. പരീക്ഷക്ക് ഐച്ഛികമായ കളരിവിഷയത്തിൽ 60% മാർക്കു വാങ്ങി വിജയിച്ച വിദ്യാർത്ഥിക്ക് പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**2. ഗുരുകുലക്രമം**

പ്രാചീനമായ ഗുരുകുലസമ്പ്രദായമാണ് കലാമണ്ഡലത്തിൽ നിലവിലുള്ളത്. പുലരും മുമ്പേ 4.30-ന് ആരംഭിക്കുന്ന സാധകം 6.30 വരെ തുടരും. 9 മണിക്ക് കളരിയിൽ അഭ്യാസം തുടങ്ങും. വൈകുന്നേരം കൂത്തമ്പലത്തിൽ മിക്കദിവസവും കലകളുടെ അവതരണങ്ങളുണ്ടാവും. ഇതിനിടയ്ക്കുള്ള സമയത്ത് ആധുനിക വിദ്യാഭ്യാസ രീതിശാസ്ത്രങ്ങൾക്ക് അനുസരിച്ച് പൊതുവിഷയങ്ങൾ പഠിക്കുന്നതിനും സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്.

**3. അച്ചടക്കം**

കളരികളിലും ക്ലാസ്സുകളിലും കർശനമായ അച്ചടക്കം പാലിക്കേണ്ടതുണ്ട്. ഗുരുശിഷ്യബന്ധം പാവനമായി നിലനിർത്തുവാൻ ഓരോ വിദ്യാർഥിയും പരിശീലിക്കണം. ബഹു. ഹൈക്കോടതിയുടെ വിധി അനുസരിച്ച് കേരള കലാമണ്ഡലം ക്യാമ്പസ്സുകളിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയവും രാഷ്ട്രീയാനുബന്ധപ്രവർത്തനങ്ങളും നിരോധിച്ചിട്ടുള്ളതാണ്.

4. **പ്രവേശനരീതി**

ഏഴാം ക്ലാസ്സിൽ നിന്ന് ജയിച്ച, അതത് വർഷം ജൂൺ 1 ന് 14 വയസ്സ് കവിയാത്ത വിദ്യാർഥികൾക്കാണ് കലാമണ്ഡലത്തിൽ പ്രവേശനം ലഭിക്കുന്നത്. പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർഥികൾ നിർദ്ദിഷ്ടഫോറത്തിൽ അപേക്ഷിക്കേണ്ടതാണ്. ഒരു വിദ്യാർത്ഥിക്ക് മൂന്ന് വിഷയങ്ങളിൽ മുൻഗണനാക്രമത്തിൽ അപേക്ഷിക്കാം. തങ്ങൾ ആഗ്രഹിക്കുന്ന കലാവിഷയം മുൻഗണന 1,2,3 എന്നിങ്ങനെ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്. മുൻഗണനാക്രമം അനുസരിച്ചായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. റാങ്ക് ലിസ്റ്റിലെ ക്രമമനുസരിച്ചാണ് ഓരോ വിഷയത്തിലും പ്രവേശനം ലഭിക്കുന്നത്. പ്രവേശനം ലഭിച്ചശേഷം യാതൊരു കാരണവശാലും വിഷയം മാറാൻ അനുവദിക്കുന്നതല്ല.

പൊതുവിജ്ഞാനപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. വിദ്യാർഥികൾ പരീക്ഷയ്ക്ക് സ്വന്തം ചെലവിൽ ഹാജരാകേണ്ടതാണ്. ഏഴാംക്ലാസ്സ് വിദ്യാർഥികളുടെ സാമാന്യവിജ്ഞാനം പരീക്ഷിക്കുന്നതും കലകളെയും കലാമണ്ഡലത്തെയും സംബന്ധിക്കുന്നതുമായ ചോദ്യങ്ങളാണ് ഉണ്ടായിരിക്കുക. ഒന്നരമണിക്കൂറാണ് സമയം. പരീക്ഷയുടെ മാധ്യമം മലയാളമാണ്. 50 ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിൽ ഉള്ളതും 10 ചോദ്യങ്ങൾ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ളതും 6 ചോദ്യങ്ങൾ 50 വാക്കിൽ കുറയാത്ത രീതിയിൽ ഉത്തരമെഴുതേണ്ടതായ വിവരണാത്മക മാതൃകയിൽ ഉള്ളതുമായിരിക്കും. ചോദ്യക്കടലാസിൽ മലയാളത്തിൽ തന്നെ ഉത്തരം എഴുതേണ്ടതാണ്. പരമാവധി നൂറ് മാർക്കാണ്.*

പ്രവേശനപരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ അതത് വിഷയങ്ങളിൽ നിലവിലുള്ള സീറ്റിന്റെ ആറിരട്ടി അപേക്ഷകരെ അഭിമുഖത്തിന് ക്ഷണിക്കുന്നതാണ്. കലാഭിരുചി, ആഭിമുഖ്യം, മുൻപരിചയം, പരിശീലനത്തിന് യോജിച്ച ശാരീരികാവസ്ഥ ഇവ പരീക്ഷിച്ച്, വിദഗ്ധസമിതി, പരമാവധി 100 മാർക്ക് നല്കുന്നതാണ്.

ഏഴാം ക്ലാസ്സ് വരെയുള്ള വിദ്യാഭ്യാസത്തിനിടയിൽ കലാരംഗത്ത് നേടിയ അംഗീകാരങ്ങൾ കൂടി പ്രവേശനത്തിന് യോഗ്യതയായി കണക്കാക്കും. യുവജനോത്സവത്തിന് സ്കൂൾ തലത്തിൽ വ്യക്തിഗതമത്സരത്തിൽ അതതു വിഷയത്തിൽ 'എ' ഗ്രേഡ് ലഭിച്ചാൽ അഭിമുഖത്തിന് ലഭിച്ച മാർക്കിന്റെ 5% വും സബ് ജില്ലാ തലത്തിലും ജില്ലാ തലത്തിലും 'എ' ഗ്രേഡ് ലഭിച്ചാൽ യഥാക്രമം 10%, 15% വീതവും വെയിറ്റേജായി ലഭിക്കുന്നതാണ്.

ഗ്രൂപ്പ് ഐറ്റങ്ങളിൽ കിട്ടുന്ന ഗ്രേഡുകൾ പരിഗണിക്കുന്നതല്ല. മോഹിനിയാട്ടം, ഭരതനാട്യം, കുച്ചിപ്പുടി എന്നീ വിഷയങ്ങളിൽ എ ഗ്രേഡ് കിട്ടുന്നവർക്ക് മാത്രമേ നൃത്തവിഭാഗത്തിൽ വെയിറ്റേജ് ലഭിക്കുകയുള്ളൂ. ഈ രീതിയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയത്തിലും പ്രത്യേകം റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും ഇവരിൽ നിന്ന് മുൻഗണനാക്രമമനുസരിച്ച് സീറ്റിന്റെ എണ്ണത്തിന് തുല്യമായ അപേക്ഷകരെ പ്രവേശനപട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്.

പട്ടികയിൽപ്പെട്ട വിദ്യാർഥികൾ, പഠിച്ചിരുന്ന വിദ്യാലയത്തിൽ നിന്നുള്ള ട്രാൻസ്ഫർ സർട്ടിഫിക്കറ്റും മറ്റു രേഖകളും സഹിതം, നിശ്ചിത സമയത്തിനുള്ളിൽ പ്രവേശനം നേടേണ്ടതാണ്. വിദ്യാർഥികൾ ചേരാത്തതുമൂലം ഒഴിവ് വരുന്ന സീറ്റുകളിലേയ്ക്ക് റാങ്ക്ലിസ്റ്റിലെ ക്രമമനുസരിച്ച് പ്രവേശനം നല്കും. പ്രവേശനം ഉറപ്പുവരുത്താതെ വിദ്യാർഥികൾ പഠിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്ന് വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങരുത്. ഓരോ വിഭാഗത്തിലും നിജപ്പെടുത്തിയിട്ടുള്ള സീറ്റുകളിൽ കൂടുതൽ പ്രവേശനം നല്കുന്നതല്ല.

അന്യസംസ്ഥാനങ്ങളിൽ നിന്ന് അപേക്ഷകൾ വരികയാണെങ്കിൽ അത് പ്രത്യേക വിഭാഗമായി പരിഗണിച്ച് നിലവിലുള്ള സീറ്റുകൾക്ക് പുറമേ പ്രത്യേകം സീറ്റനുവദിച്ച് പ്രവേശനം നല്കുന്നതാണ്. ജന്മനാ മലയാളികളല്ലാത്തവർക്ക് മാത്രമെ ഈ വിഭാഗത്തിൽ പരിഗണന ലഭിക്കുകയുള്ളൂ. മേൽപറഞ്ഞ പ്രവേശന പരീക്ഷാനടപടിക്രമങ്ങൾ ഇവർക്ക് ബാധകമാകുന്നതല്ല. എന്നാൽ കലാഭിരുചിയും മറ്റു യോഗ്യതകളും പരീക്ഷിക്കുന്നതിനുള്ള അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും അവരെ തെരഞ്ഞെടുക്കുന്നത്.

** ചോദ്യപ്പേപ്പറിന്റെ മാതൃക വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.*

**5. പ്രവേശനഫീസ്**

| | | |
|---|---|---|
| അഡ്മിഷൻ ഫീ | 50/- | രൂപ |
| ലൈബ്രറി ഫീ | 50/- | രൂപ |
| സ്റ്റേഷണറി ഫീ | 20/- | രൂപ |
| എക്സ്കർഷൻ ഫീ | 50/- | രൂപ |
| വിദ്യാർത്ഥി സമാജം | 50/- | രൂപ |
| ഓഡിയോവിഷ്വൽ ഫീ | 10/- | രൂപ |
| മാഗസിൻ ഫീ | 10/- | രൂപ |
| എക്സാമിനേഷൻ ഫീ | 60/- | രൂപ |
| പി.ടി.എ. ഫണ്ട് | 50/- | രൂപ |
| **ആകെ** | **350/-** | **രൂപ** |
| മെസ്സ് അഡ്വാൻസ് | 1500/- | രൂപ |
| ഹോസ്റ്റൽ ഡെപ്പോസിറ്റ് | 1500/- | രൂപ |

**6. ഹോസ്റ്റൽ പ്രവേശനം**

കേരള കലാമണ്ഡലം, റസിഡൻഷ്യൽ സമ്പ്രദായത്തിലുള്ള സർവകലാശാലയാണ്. കളരിസാധകം പുലർച്ചയ്ക്ക് മുൻപേ ആരംഭിക്കേണ്ടതുള്ളതുകൊണ്ട് (ആൺകുട്ടികൾ) സാധകം നിർബന്ധമായ വിദ്യാർഥി/വിദ്യാർത്ഥിനികൾ കാമ്പസിൽ തന്നെ താമസി ക്കേണ്ടതാണ്. ഹോസ്റ്റലിൽ പ്രവേശനത്തിന് പ്രത്യേകം അപേക്ഷ നല്കേണ്ടതുണ്ട്.

**7. സ്റ്റൈപ്പന്റ്**

എട്ടാം ക്ലാസ് മുതൽ എം.ഫിൽ തലം വരെ 450 സ്റ്റൈപ്പന്റ് സീറ്റുകളാണ് ഉള്ളത്.

പഠനത്തിൽ തൃപ്തികരമായ പുരോഗതി കാണിക്കാത്ത വിദ്യാർഥികൾക്ക് ആദ്യവർഷം സ്റ്റൈപ്പന്റ് ലഭിച്ചാലും തുടർന്നുള്ള വർഷങ്ങളിൽ സ്റ്റൈപ്പന്റ് ലഭിക്കുന്നതല്ല. ഓരോ വർഷത്തിന്റെയും ആദ്യത്തെ ആഴ്ചയിൽ സ്റ്റൈപ്പന്റിനുള്ള അപേക്ഷകൾ നൽകേണ്ടതാണ്. അധ്യയനം ആരംഭിച്ച് ഒരു മാസത്തിനുള്ളിൽ വരുമാന സർട്ടിഫി ക്കറ്റ് സമർപ്പിക്കണം.

വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റൈപ്പന്റ് നൽകുക.അതതു വർഷത്തെ വരുമാന പരിധി ഭരണസമിതി നിശ്ചയിക്കുന്നതായിരിക്കും.

**8. സംവരണം**

നിലവിലുള്ള നിയമമനുസരിച്ച് പ്രവേശനത്തിന് സംവരണതത്ത്വം പാലിക്കുന്നതാണ്. സംവരണവിഭാഗത്തിലുള്ള എല്ലാവർക്കും ഗവൺമെന്റ് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാ സാനുകൂല്യങ്ങൾ അർഹതയനുസരിച്ച് ലഭിക്കുന്നതാണ്.

**9. അപേക്ഷിക്കേണ്ട രീതി**

അപേക്ഷയും പ്രോസ്പെക്ടസും കലാമണ്ഡലം വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ് (*www.kalamandalam.org*). കലാമണ്ഡലം ഓഫീസിൽ നിന്ന് സൗജ ന്യമായി നേരിട്ടും ലഭിക്കും. പൂരിപ്പിച്ച അപേക്ഷയോടൊപ്പം, തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ എ.സ്.ബി.ഐ.ശാഖയിൽ **രജിസ്ട്രാർ, കേരള കലാമണ്ഡലം** എന്ന പേരിലുള്ള **30238237798** അക്കൗണ്ട് നമ്പറിലേക്ക് **(IFSC Code SBIN0008029 )** 200/-രൂപ അടവാക്കിയ ഒറിജിനൽ കൗണ്ടർ ഫോയിൽ (**account pay-in slip**) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ അപേക്ഷകർക്ക് 80/- രൂപ അടച്ചാൽ മതിയാകുന്നതാണ്. കൗണ്ടർ ഫോയിലിൽ അപേക്ഷകന്റെ പേര് ചേർത്തിരിക്കണം. കൗണ്ടർ ഫോയിൽ സമർപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല. **അപേക്ഷയോടൊപ്പം യാതൊരു പകർപ്പുകളും വെയ്ക്കേണ്ടതില്ല. അഭിമുഖസമ യത്ത് എല്ലാ അസ്സൽ സാക്ഷ്യപത്രങ്ങളും അവയുടെ ഓരോ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.**

**10. പ്രവേശനക്രമം : (8-ാം ക്ലാസ്സ്)**

| | | | |
|---|---|---|---|
| 1. | ഓൺലൈനിൽ അപേക്ഷ ലഭിക്കുന്ന തീയതി | : | 03/04/2018 |
| 2. | പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കുന്ന അവസാനദിവസം | : | 21/04/2018 |
| 3. | അഭിരുചി നിർണ്ണയ പരീക്ഷ | : | 02/05/2018 |
| 4. | അഭിരുചി നിർണ്ണയ പരീക്ഷാഫലം പ്രസിദ്ധീകരണം | : | 08/05/2018 |
| 5. | അഭിമുഖം നടക്കുന്ന തീയ്യതികൾ | : | 17/05/2018<br>18/05/2018<br>19/05/2018<br>21/05/2018<br>22/05/2018 |
| 6. | റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം | : | 29/05/2018 |
| 7. | പ്രവേശനത്തിനുള്ള തീയതി | : | 04/06/2018<br>05/06/2018 |
| 8. | ക്ലാസ്സുകൾ ആരംഭിക്കുന്നത് | : | 06/06/2018 |

അവിചാരിതമായ കാരണങ്ങളാൽ തീയതികൾ മാറ്റേണ്ടിവന്നാൽ മാത്രമേ പ്രത്യേക അറിയിപ്പുകൾ ഉണ്ടായിരിക്കുകയുള്ളൂ. പ്രവേശനം സംബന്ധിച്ച വിവരങ്ങൾക്ക്: 04884-262418, 264830 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**11. ഇന്റർവ്യൂ ബോർഡ്**

ഓരോ വിഷയത്തിലും അപേക്ഷകരുടെ അഭിരുചി നിർണ്ണയിക്കുന്നതിനുള്ള അഭിമുഖത്തിന് താഴെ പറയുന്നവർ ഉൾക്കൊള്ളുന്ന കമ്മിറ്റിയെ വൈസ് ചാൻസലർ ചുമതലപ്പെടുത്തുന്നതായിരിക്കും.

1. എക്സിക്യൂട്ടീവ് ബോർഡ് അംഗം/അക്കാദമിക് കൗൺസിൽ അംഗം/ വൈസ് ചാൻസലറുടെ പ്രതിനിധി (കൺവീനർ)
2. വകുപ്പധ്യക്ഷൻ/വൈസ്-ചാൻസലറുടെ നോമിനി
3. പുറമെനിന്നുള്ള വിദഗ്ദ്ധാംഗം

**12. പ്രവേശനം സംബന്ധിച്ച പരാതികൾ**

പ്രവേശനം സംബന്ധിച്ച പരാതികൾ വൈസ് ചാൻസലർ പരിശോധിക്കുന്നതും തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം :

**രജിസ്ട്രാർ**
കേരള കലാമണ്ഡലം കല്പിതസർവകലാശാല
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ-679 531.
ഫോൺ : 04884 262418, ഫാക്സ് : 04884 262019
e-mail: info@kalamandalam.org, Website: www.kalamandalam.org